**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5029** **14-03-2023 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ബോട്ടുകളുടെ സുരക്ഷാസംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പരിപാലനത്തിലെ അപാകതകളാലും മറ്റ് കാരണങ്ങളാലും ഏതെല്ലാം വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ബോട്ട് സർവീസുകളാണ് ഈ സർക്കാരിന്റെ കാലത്ത് നിർത്തലാക്കിയിട്ടുള്ളതെന്നും ഏതൊക്കെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ബോട്ടുകളാണ് ശോചനീയാവസ്ഥയിലുള്ളതെന്നും വ്യക്തമാക്കുമോ; | (എ) | **സംസ്ഥാനത്തെ ജലാശയങ്ങളിൽ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ സർവീസ് നടത്തുന്ന ബോട്ടുകളുടെ അപാകതകൾ പരിശോധിക്കുന്നതും അവയുടെ സർവീസ് നിർത്തുന്നതും തുറമുഖ വകുപ്പാണ്.**<br><br>വിനോദ സഞ്ചാരികൾക്കായി ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലും (ഡി. ടി. പി. സി.) സംസ്ഥാന വിനോദ സഞ്ചാര വികസന കോർപറേഷനും (കെ. ടി. ഡി. സി.) ബോട്ട് സർവീസുകൾ നടത്തുന്നുണ്ട്. |
| (ബി) | മതിയായ സുരക്ഷ സംവിധാനമില്ലാതെയും രേഖകളില്ലാതെയും പ്രവർത്തിച്ചുവന്ന എത്ര സർവീസുകളാണ് ഡി.ടി.പി.സി. നിർത്തിവയ്ക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുള്ളതെന്നും സമാനമായ സാഹചര്യത്തിലുള്ള എത്ര ബോട്ടുകളാണ് നിലവിൽ സർവീസ് നടത്തുന്നതെന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | ബോട്ട് സർവീസുകൾ നിയന്ത്രിക്കാനോ നിർത്തി വയ്ക്കാനോ ഡി. ടി. പി. സി. നിർദേശം നൽകിയിട്ടില്ല.<br><br>സംസ്ഥാനത്തെ ജലാശയങ്ങളിൽ സർവീസ് നടത്തുന്ന ബോട്ടുകളുടെ ഉപയോഗക്ഷമതയും നിയമസാധുതയും പരിശോധിക്കുന്നതും അപാകതകൾ കണ്ടെത്തുന്ന പക്ഷം അവയുടെ സർവീസ് നിർത്തുന്നതും തുറമുഖ വകുപ്പാണ്. |
| (സി) | സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ബോട്ടുകൾ കുറ്റമറ്റ രീതിയിൽ പരിപാലിക്കപ്പെടുന്നതിനും പ്രവർത്തിക്കുന്നതിനുമാവശ്യമായ രേഖകളും സുരക്ഷാസംവിധാനവും അവയ്ക്കുണ്ടെന്ന് ഉറപ്പുവരുത്തിയ ശേഷം സർവീസ് നടത്തുന്നതിനുമുള്ള കർശന നടപടികൾ സർക്കാർ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ബോട്ട് സർവീസുകൾ നിയന്ത്രിക്കാനോ നിർത്തി വയ്ക്കാനോ ഡി. ടി. പി. സി. നിർദേശം നൽകിയിട്ടില്ല.<br><br>സംസ്ഥാനത്തെ ജലാശയങ്ങളിൽ സർവീസ് നടത്തുന്ന ബോട്ടുകളുടെ ഉപയോഗക്ഷമതയും നിയമസാധുതയും പരിശോധിക്കുന്നതും അപാകതകൾ കണ്ടെത്തുന്ന പക്ഷം അവയുടെ സർവീസ് നിർത്തുന്നതും തുറമുഖ വകുപ്പാണ്. |

സെക്ഷൻ ഓഫീസർ